

TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-17/10/2023.

1. മഴക്കെടുതി മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ അറിയിക്കുന്നതിനും, ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി കൃഷിവകുപ്പ് ജില്ലാതല കൺട്രോൾ റൂമുകൾ തുറന്നു. കൃഷി നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ദുരന്ത ലഘൂകരണത്തിനുമായി കർഷകർക്ക് താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാം.

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | 9495538952 | 9447816780 |
| 2. | കൊല്ലം | 9447349503 | 9497158066 |
| 3. | പത്തനംതിട്ട | 9446041039 | 9446324161 |
| 4. | ആലപ്പുഴ | 9446487335 | 9539592598 |
| 5. | കോട്ടയം | 9447659566 | 7561818724 |
| 6. | എറണാകുളം | 9497678634 | 9383471180 |
| 7. | തൃശ്ശൂർ | 9446549273 | 8301063659 |
| 8. | ഇടുക്കി | 9447037987 | 9383470825 |
| 9. | പാലക്കാട് | 9446175873 | 9074144684 |
| 10. | മലപ്പുറം | 9495206424 | 9383471623 |
| 11. | കോഴിക്കോട് | 9847402917 | 9383471784 |
| 12. | വയനാട് | 9495622176 | 9495143422 |

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

| | | | |
|---|---|---|---|
| 13. | കണ്ണൂർ | 9383472028 | 9497851557 |
| 14. | കാസർഗോഡ് | 9383471961 | 9447089766 |

കർഷകർക്ക് കൃഷി വകുപ്പിന്റെ എയിംസ് പോർട്ടൽ വഴി കൃഷി നാശനഷ്ടങ്ങൾക്ക് ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കാം. അതിനായി എയിംസ് പോർട്ടലിൽ (www.aims.kerala.gov.in) ലോഗിൻ ചെയ്ത് കൃഷിഭൂമിയുടെയും, നാശനഷ്ടം സംഭവിച്ച കാർഷിക വിളകളെയും സംബന്ധിച്ച വിവരങ്ങൾ ചേർത്ത് കൃഷിഭവനുകളിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.aims.kerala.gov.in, www.keralaagriculture.gov.in വെബ്സൈറ്റുകൾ സന്ദർശിക്കണം.

1. തിരുവനന്തപുരം എൽ എം. എസ് കോമ്പൗണ്ടിൽ വച്ച് നവംബർ 01 മുതൽ 07 വരെ രുചിമേളവുമായി കേരളീയം 2023. ഭക്ഷണപ്രിയർക്കായി നാട്ടുരുചികളൊരുക്കാൻ കേരളീയം ഭക്ഷ്യമേള. നവംബർ ഒന്നുമുതൽ ഏഴുവരെ തിരുവനന്തപുരം നഗരത്തിൽ നടക്കുന്ന മലയാളത്തിന്റെ മഹോത്സവം കേരളീയത്തിന്റെ ഭാഗമായാണ് വിരുന്ന്. 11 വ്യത്യസ്തതരത്തിലുള്ള ഭക്ഷ്യമേളകളാണ് ഒരാഴ്ച നഗരത്തിൽ രുചിലോകം തീർക്കാനെത്തുന്നത്. തട്ടുകട ഭക്ഷണം മുതൽ പഞ്ചനക്ഷത്ര ഭക്ഷണംവരെ കേരളീയത്തിലെ സന്ദർശകർക്ക് ആസ്വദിക്കാനാകുന്ന തരത്തിലാണ് രുചിമേളം ഒരുക്കുന്നത്. കേരളത്തിലെ തനത് വിഭവങ്ങൾ അണിനിരത്തിക്കൊണ്ട് കനകക്കുന്നിൽ നടക്കുന്ന ബ്രാൻഡഡ് ഫുഡ് ഫെസ്റ്റിവൽ ആണ് മേളയിലെ പ്രധാന ആകർഷണം. രാമശേരി ഇഡലി, അമ്പലപ്പുഴ പാൽപ്പായസം, തലശേരി ദം ബിരിയാണി, അട്ടപ്പാടി വനസുന്ദരി, പൊറോട്ടയും ബീഫും തുടങ്ങി കേരളത്തിന്റെ സവിശേഷമായ ഭക്ഷണങ്ങളെ ബ്രാൻഡ് ചെയ്ത് അവതരിപ്പിക്കുന്ന ബ്രാൻഡഡ് ഫെസ്റ്റിവൽ ഭക്ഷണപ്രേമികൾക്ക് രുചിയുടെ കേരളപ്പെരുമ സമ്മാനിക്കും. എ കെ ജി സെന്റർ മുതൽ സ്പെൻസർ ജങ്ഷൻവരെയും സ്പെൻസർ ജങ്ഷൻമുതൽ വാൻറോസ് ജങ്ഷൻവരെയുമുള്ള വീഥികളിലെ സ്ട്രീറ്റ് ഫുഡ് ഫെസ്റ്റും തെരുവുകലാവിരുന്നുമുണ്ടാകും. ഇവയ്ക്കു പുറമെ കനകക്കുന്നിലെ സൂര്യകാന്തിയിൽ പാചകമത്സരവും വ്ളോഗർമാരുമായുള്ള ചർച്ചയും സംഘടിപ്പിച്ചു. ഫുഡ് വ്ളോഗർമാരുമായി കൂടിക്കാഴ്ച 10ന് കേരളീയത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഭക്ഷ്യമേളയ്ക്കു മുന്നോടിയായി കേരളത്തിലെ പ്രശസ്ത

ഫുഡ് വ്ളോഗർമാരുടെ സംഗമം സംഘടിപ്പിച്ചു. കേരളീയം സ്വാഗതസംഘം കമ്മിറ്റി ചെയർമാനായ മന്ത്രി വി ശിവൻകുട്ടിയുമായി 10ന് വൈകിട്ട് 4.30ന് മസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിലായിരുന്നു യോഗം.

2. സംസ്ഥാന സർക്കാർ കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന വൈഗ 2024 അന്താരാഷ്ട്ര ശില്പശാലയുടെയും കാർഷിക പ്രദർശനങ്ങളുടെയും പ്രചരണാർത്ഥം ഒരു ലോഗോ തയ്യാറാക്കുന്നതിനായി മത്സരാടിസ്ഥാനത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ വ്യക്തികളിൽ നിന്നും എൻട്രികൾ ക്ഷണിക്കുന്നു. കാർഷിക ഉത്പന്നങ്ങളുടെ മൂല്യ വർദ്ധനവും വിപണനവും അടിസ്ഥാനമാക്കിയാണ് വൈഗ എല്ലാവർഷവും സംഘടിപ്പിക്കുന്നത്. തയ്യാറാക്കിയ ലോഗോ പി. എൻ. ജി. ഫോർമാറ്റിൽ 18/10/2023ന് 3 മണിക്ക് മുൻപായി ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ piofibtvm@gmail.com എന്ന ഈ-മെയിൽ വിലാസത്തിൽ അയച്ചുതരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 -2318186 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. മികച്ച ലോഗോയുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച അന്തിമ തീരുമാനം ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ സ്വീകരിക്കുന്നതാണ്. തെരഞ്ഞെടുക്കുന്ന മികച്ച ലോഗോയ്ക്ക് ആകർഷകമായ ക്യാഷ് പ്രൈസ് നൽകുന്നതാണ്.

3. കാർഷിക സർവകലാശാല, കാർഷിക കോളേജ്, പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കാബേജ്, കോളിഫ്ളവർ തൈകൾ വില്പനയ്ക്ക് ലഭ്യമാണ്. സമയം രാവിലെ 9 മണി മുതൽ 4.30 വരെ. ഫോൺ നമ്പർ: 9188248481

## പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "IOT Concepts in Agriculture" വിഷയത്തിൽ തയ്യാറാക്കിയ മാസ്സീവ് ഓപ്പൺഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2023 നവംബർ 01 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് കോഴ്സ് കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവർ 2023 ഒക്ടോബർ 31 നകം കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കമ്പ്യൂട്ടർ അല്ലെങ്കിൽ മൊബൈൽ (സ്മാർട്ട് ഫോൺ)



ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

ഫോണിന്റെ സഹായത്തോടെ കോഴ്സ് പഠിക്കാവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത്മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞലിങ്കിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് നവംബർ 01 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

5. കുമരകം കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് "കൂൺ കൃഷി" എന്ന വിഷയത്തിൽ ഏകദിന പരിശീലനം ഈ മാസം 20ന് (20.10.2023) രാവിലെ 10 മണിയ്ക്ക് സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9383470802, 0481- 2523164.

6. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 17,18 തീയതികളിൽ നാളികേരത്തിൽ നിന്നുള്ള മൂല്യവർധന ഉത്പന്ന നിർമ്മാണത്തെക്കുറിച്ചുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 1000 രൂപയാണ് ഫീസ്. താല്പര്യമുള്ളവർ മുൻകൂട്ടി 0479-2959268, 2449268 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചു രജിസ്റ്റർ ചെയ്യുക.

7. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ഒക്ടോബർ 18 മുതൽ 20 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

8. കാർഷിക നിർദ്ദേശം -മത്സ്യകൃഷി:- കുളങ്ങളിരല രവള്ളത്തിൽ അമ്ലത വ്യതിയാനത്തിന് സാധ്യത ഉള്ളതിനാൽ വെള്ളം പരിശോധിച്ച ശേഷം ബണ്ടുകളിൽ ആവശ്യാനുസരണം കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്. മത്സ്യക്കുളങ്ങളിലെ വെള്ളത്തിന്റെ ഗുണനിലവര പരിശോധനയ്ക്കുള്ള സൗകര്യം വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ ലഭ്യമാണ് .